"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- പാലക്കാട്- ബഡ്ജറ്റ് പ്രവൃത്തി- 2020-21 '**വടക്കഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രം അഡീഷണൽ ബ്ലോക്ക് നിർമ്മാണം**" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1311/2026/LSGD തീയതി,തിരുവനന്തപുരം, 20-07-2026

---

പരാമർശം:-
1. 28/04/2021 ലെ GO(P) No.67/2021/Fin
2. 6/12/2023 ലെ സ.ഉ (സാ) നം 8564/2023/ധന
3. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 18/12/2025 ലെ LSGD/PD/32633/2025-EW6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2020-2021 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 2767 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയതും പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവഹണ വകുപ്പാക്കി ഉൾപ്പെടുത്തിയതുമായ **'വടക്കഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രം അഡീഷണൽ ബ്ലോക്ക് നിർമ്മാണം** ' എന്ന പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നതിന് ടി പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം II ൽ ക്രമ നമ്പർ. 2767 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ **'വടക്കഞ്ചേരി സാമൂഹ്യ ആരോഗ്യ കേന്ദ്രം അഡീഷണൽ ബ്ലോക്ക് നിർമ്മാണം"** എന്ന പ്രവൃത്തിയ്ക്ക് ചുവടെ ചേർക്കുന്ന CTE -യുടെ റിമാർക്ക്സിന് വിധേയമായും, അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി നിർവഹണം എന്നിവ സംബന്ധിച്ച് പരമാർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിലും ; പ്രസ്തുത പദ്ധതിക്ക് 6 കോടി രൂപ ( **ആറ് കോടി രൂപ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **'4515-00-800-92(NV) '** എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

<u>റിമാർക്സ്</u>

1. The rate per sq feet comes to 3529/sq ft, which seems higher excluding foundation cost, which shall be reviewed.
2. The TS authority shall ensure the accuracy in rates for OD items and the admissibility of items, quantities. Excess payments of cement is not payable in any circumstances.
3. The TS authority shall ensure that the foundation constructed during phase 1 is sufficient and safe, for carrying the load due to I$^{st}$ and 2$^{nd}$ floor.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4) ധന(വികസന) വകുപ്പ് (3387183/Dev-3/19/2026-Fin) ( E-anumathy AS No.- AS/LGD/26/51699)
5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
7) കരുതൽ ഫയൽ (LSGD-DB1/6/2026-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Smitha. L
Date: 20-07-2026
15:54:10
സെക്ഷൻ ഓഫീസർ